**പത്രക്കുറിപ്പ്**


**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**

T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05


02.11. 2020

# മിശ്രവിവാഹിതരുടെ മക്കളുടെ ജാതി: മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് ബാലാവകാശ കമ്മീഷൻ

മിശ്രവിവാഹിതരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കും മറ്റ് ആനുകൂല്യങ്ങൾക്കും ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്തു. പിതാവിന്റെ ജാതിയും അപേക്ഷകന്റെ സാമൂഹിക സാംസ്കാരിക അവസ്ഥകളും തെളിയിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് ആധാരമാക്കേണ്ടതെന്ന കാര്യത്തിൽ സുതാര്യത ഉറപ്പ് വരുത്തണം.

സർട്ടിഫിക്കറ്റുകളും സാക്ഷ്യപത്രങ്ങളും നിയമാനുസൃതം നൽകുന്നതിൽ കാലതാമസം വരുത്തുന്നത് മൂലം കുട്ടികൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുമെന്ന് ഉത്തരവിൽ പറയുന്നു. ഇത്തരം പരാതികൾ ഗുരുതര അവകാശ ലംഘനമായി കണക്കാക്കി അച്ചടക്ക നടപടികൾ സ്വീകരിക്കും. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തികഞ്ഞ ജാഗ്രത പാലിക്കണമെന്ന് കാണിച്ച് റവന്യു, തദ്ദേശ സ്വയംഭരണം, പൊതുഭരണം വകുപ്പുകൾ ഉദ്യോഗസ്ഥർക്കായി സർക്കുലർ പുറപ്പെടുവിക്കേണ്ടതാണെന്ന് കമ്മീഷൻ അംഗം കെ. നസീർ പുറപ്പെടുവിച്ച ഉത്തരവിൽ പറഞ്ഞു. അതേസമയം, ഹർജിക്കാരൻ പിതാവിന്റെ ജാതിയുടെ അടിസ്ഥാനത്തിലുള്ള സാമൂഹികവും സാംസ്കാരികവുമായ ജീവിത പശ്ചാത്തലത്തിൽ ജീവിച്ചു വരുന്നയാളാണെന്ന കാര്യത്തിൽ നിലവിലെ മാനദണ്ഡപ്രകാരമുളള കാര്യങ്ങൾ ബോധിപ്പിക്കുന്ന പക്ഷം അടിയന്തരമായി ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി വില്ലേജ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

മിശ്രവിവാഹിതരുടെ മക്കൾ സമൂഹത്തിൽ നിരവധി വിവേചനങ്ങൾ നേരിടുന്നവരാണെന്ന കാരണത്താൽ സർക്കാർ നൽകുന്ന പ്രത്യേക അവകാശങ്ങൾ ലംഘിക്കപ്പെടുകയോ നിഷേധിക്കപ്പെടുകയോ ചെയ്തു കൂടാ. മിശ്രവിവാഹിതരുടെ മക്കളുടെ ജാതി തീരുമാനിക്കപ്പെടുന്നത് പിതാവിന്റെ ജാതിയുടെ അടിസ്ഥാനത്തിലും, കുടുംബം ഏത് ജാതിയുടെ

ആചാരങ്ങൾ അനുസരിച്ച് ജീവിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലുമാണ്. ഇത് തെളിയിക്കുന്നതിന് അപേക്ഷകൻ ബന്ധപ്പെട്ട അധികാരികൾ മുമ്പാകെ ഹാജരാക്കേണ്ട രേഖകളോ അതിനുള്ള അടിസ്ഥാന വസ്തുതകളോ എന്തൊക്കെയാണെന്ന് കൃത്യമായ മാനദണ്ഡം സർക്കാർ തയ്യാറാക്കേണ്ടത് ഇത്തരം കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടാതിരിക്കാൻ അനിവാര്യമാണ്. ഏത് ആചാരപ്രകാരമാണ് ജീവിക്കുന്നതെന്നും മറ്റും നിർണയിക്കുന്നതിന് ഉചിതമായ മാനദണ്ഡങ്ങൾ സർക്കാർ കൃത്യമായി നിർണ്ണയിക്കേണ്ടതാണ്. സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പിന്നോക്കാവസ്ഥയ്ക്കും അപേക്ഷകൻ അവകാശപ്പെടുന്ന കാര്യങ്ങൾക്കുമുള്ള രേഖകളും വസ്തുതകളും തെളിവുകളും ഏതെല്ലാമെന്ന് നിർദ്ദേശിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ സുതാര്യത ഉണ്ടാകൂ. മാവേലിക്കര തട്ടാരമ്പലം സ്വദേശി പി. എം അഭിജിത് കൃഷ്ണയുടെ പരാതിയിന്മേലാണ് കമ്മീഷൻ ഉത്തരവ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**സി.ആർ.എം.പി.നമ്പർ : 5200/04/$C_2$/2019/KeSCPCR** തീയതി : 14.10.2020